**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** — **02-02-2023 - ൽ മറുപടിയ്ക്ക്**

**ജപ്തി ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കിൽ നിന്നും ലോൺ എടുത്തവർക്ക് കാർഷിക മേഖലയിൽ നിന്നുള്ള തകർച്ച, കോവിഡ് വ്യാപനം മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി തുടങ്ങിയവ കാരണം ലോൺ തുക തിരിച്ചടക്കാൻ സാധിക്കാത്തതിനാൽ ജപ്തി നടപടികൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; അറിയിക്കുമോ; | (എ) | ലോൺതുക തിരിച്ചടക്കാൻ സാധിക്കാത്തവരുടെ വായ്പാകുടിശ്ശിക ഇളവുകളോടെ അടച്ചു തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകുന്നതിനുള്ള സാവകാശം വായ്പക്കാർക്ക് അനുവദിക്കുക എന്ന ഉദ്ദേശത്തോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. 2021 ആഗസ്റ്റ് 16- ന് ആരംഭിച്ച പദ്ധതി കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ടായിരുന്നു. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് 2022 ഡിസംബർ 15 വരെയും ടി പദ്ധതി നടപ്പിലാക്കി. കേരള ബാങ്ക് 2023 ഫെബ്രുവരി 14 വരെ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിലൂടെ പരമാവധി ഇളവുകളോടെ വായ്പാ കുടിശ്ശിക അടച്ച് തീർത്ത് ജപ്തി നടപടികളിൽ നിന്നും ഒഴിവാകാവുന്നതാണ് |
| (ബി) | ജപ്തി നടപടികൾ നേരിടുന്നവർക്ക് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം വായ്പാതുകയും അടിസ്ഥാന പലിശയും അടച്ചുതീർക്കുന്നതിന് അനുമതി നാൽകുമോ; വിശദമാക്കാമോ? | (ബി) | വിഷയം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ